പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2537 28-10-2026-ൽ മറുപടിയ്ക്ക്

എസ്.സി., എസ്.ടി. വിഭാഗങ്ങളുടെ ഫീസ് ഇളവ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീമതി ഒ. എസ്. അംബിക	ശ്രീമതി കെ. എ. തുളസി (പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) 17.10.2013- ലെ ജി.ഒ (എം എസ്)നം.31/13/ഐ.ടി.ഡി. നമ്പർ ഉത്തരവ് പ്രകാരം എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് ഏതെല്ലാം സേവനങ്ങൾക്കാണ് ഫീസ് ഇളവ് അനുവദിച്ചിട്ടുള്ളത്;

മറുപടി: 17.10.2013-ലെ GO.(Ms)No.31/2013/ITD ഉത്തരവ് പ്രകാരം, സംസ്ഥാനത്തെ ഇ-ഡിസ്ട്രിക്ക് പദ്ധതി വഴി ലഭ്യമാകുന്ന വിവിധ സേവനങ്ങളിൽ എസ്.സി, എസ്.ടി. വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക്, തങ്ങൾ അർഹരായ വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന കൃത്യമായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഗവൺമെന്റ് വിഹിതമായ സർവീസ് ചാർജിൽ പൂർണ്ണ ഇളവ് അനുവദിച്ചിട്ടുണ്ട്.കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകളിലെ സേവനങ്ങൾക്ക് നിലവിൽ ഫീസ് ഒന്നും തന്നെ ഈടാക്കുന്നില്ല.

(ബി) ഇതു പ്രകാരം ഓരോ സേവനങ്ങൾക്കും ലഭിക്കുന്ന ഇളവ് നിഷേധിക്കുന്നത് സംബന്ധിച്ച് വകുപ്പിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

മറുപടി: സേവനങ്ങൾക്ക് ലഭിക്കുന്ന ഇളവ് നിഷേധിക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല.

(സി) ഓരോ സേവനത്തിനും ഫീസ് ഇളവ് എത്ര രൂപയാണെന്നും നിയമാനുസൃതം ഒടുക്കേണ്ട ഫീസ് എത്ര രൂപയാണെന്നും എസ്.സി., എസ്.ടി. വിഭാഗത്തിലുള്ള അപേക്ഷകരെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: സംസ്ഥാനത്തെ ഇ-ഡിസ്ട്രിക്ക് പദ്ധതി വഴി ലഭ്യമാകുന്ന വിവിധ സേവനങ്ങളിൽ എസ്.സി, എസ്.ടി. വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക്, തങ്ങൾ അർഹരായ വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന കൃത്യമായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഗവൺമെന്റ് വിഹിതമായ സർവീസ് ചാർജിൽ പൂർണ്ണ ഇളവ് അനുവദിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ